സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

തിരുവിതാംകൂർ ദേവസ്വം ബോർഡ് വിജിലൻസ് വിഭാഗത്തിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ സബ്ഇൻസ്പെക്ടർ ഓഫ് പോലീസ് ശ്രീ. മനു. പി. മേനോനെ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ: ROC 13321/11/Est-I നന്തൻകോട്, 03/11/2018

---

പരാമർശം :- 1) G.O (Rt) 5674/17/RD dated 30-12-2017

2) 06-04-2018 ലെ മേൽ നമ്പർ ഉത്തരവ്.

3) SSCR 31/2014 ൽ ബഹു: ഹൈക്കോടതിയുടെ 01-10-2018 ലെ ഉത്തരവ്.

4) 24-10-2018 ലെ മേൽ നമ്പർ ഉത്തരവ്.

5) G.O (Rt) 4536/18/RD dated 19-10-2018.

## ഉത്തരവ്

തിരുവിതാംകൂർ ദേവസ്വം ബോർഡ് വിജിലൻസ് വിഭാഗത്തിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ 21-12-2011 മുതൽ ഒരു വർഷത്തേക്ക് നിയോഗിച്ച് തുടർന്ന് സേവനകാലാവധി ഓരോ വർഷവും ദീർഘിപ്പിച്ച് നൽകിവന്നിരുന്ന സബ് ഇൻസ്പെക്ടർ ഓഫ് പോലീസ് ശ്രീ. ആർ. പ്രശാന്തിന്റെ സേവനകാലയളവ് ഏറ്റവും ഒടുവിൽ 22-12-2017 മുതൽ ഒരു വർഷത്തേക്ക് ദീർഘിപ്പിച്ച് പരാമർശം 1 ഉത്തരവായി.

ശ്രീ. ആർ. പ്രശാന്ത്, തന്നെ മാതൃവകുപ്പിലേക്ക് വിടുതൽ ചെയ്യണമെന്ന് അഭ്യർത്ഥിച്ച് അപേക്ഷ സമർപ്പിക്കുകയും, ടി വിവരം 05-02-2018 ൽ ഗവൺമെന്റിലേക്ക് അറിയിക്കുകയും ടിയാന്റെ സേവനം അവസാനിപ്പിക്കുന്നതിന് ബഹു: ഹൈക്കോടതിയുടെ അനുമതി ആവശ്യമാകയാൽ ആയത് ലഭ്യമാക്കുന്നതിന് ലാ ആഫീസറെ ചുമതലപ്പെടുത്തുകയും ചെയ്തു (പരാമർശം -2).

തുടർന്ന് ശ്രീ. ആർ. പ്രശാന്തിനെ മാതൃവകുപ്പിലേക്ക് റിലീവ് ചെയ്യുന്നതിന് അനുമതി നൽകിയും ടിയാന് പകരം ശ്രീ. മനു.പി. മേനോൻ, സബ് ഇൻസ്പെക്ടർ ഓഫ് പോലീസ്, വയനാട് -നെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ തിരുവിതാംകൂർ ദേവസ്വം ബോർഡ് വിജിലൻസ് വിഭാഗത്തിൽ നിയമിക്കുന്നതിന് അനുവദിച്ചും ബഹു: ഹൈക്കോടതി ഉത്തരവ് പുറപ്പെടുവിച്ചു (പരാമർശം -3). ആയതിന്റെ അടിസ്ഥാനത്തിൽ ശ്രീ. ആർ. പ്രശാന്തിനെ മാതൃവകുപ്പിലേക്ക് റിലീവ് ചെയ്യുന്നതിന് സൂപ്രണ്ട് ഓഫ് പോലീസ് (വിജിലൻസ് & സെക്യൂരിറ്റി) ന് നിർദ്ദേശം നൽകി (പരാമർശം -4).

(മറുപുറം)

ശ്രീ. ആർ. പ്രശാന്തിനെ റിലീവ് ചെയ്തും, ശ്രീ. മനു. പി. മേനോൻ -നെ തിരുവിതാംകൂർ ദേവസ്വം ബോർഡ് വിജിലൻസ് വിഭാഗത്തിൽ ഡെപ്യൂട്ടഷൻ വ്യവസ്ഥയിൽ ഒരു വർഷത്തേക്ക് നിയോഗിച്ച്കൊണ്ടുമുള്ള ഉത്തരവ് ലഭിച്ചു (പരാർശം -5).

പ്രസ്തുത സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള വ്യവസ്ഥകൾക്ക് വിധേയമായി തിരുവിതാംകൂർ ദേവസ്വം ബോർഡ് വിജിലൻസ് വിഭാഗത്തിൽ തിരുവനന്തപുരം വിജിലൻസ് ആഫീസിൽ അന്യത്രസേവന വ്യവസ്ഥ യിൽ ഒരു വർഷത്തേക്ക് ശ്രീ. മനു. പി. മേനോൻ, സബ്ഇൻസ്പെക്ടർ ഓഫ് പോലീസ് (വയനാട്) നെ നിയമിച്ച് ബോർഡുത്തരവാകുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി

(ഒപ്പ്)
സെക്രട്ടറി

പകർപ്പ് :-

1. ദേവസ്വം കമ്മീഷണർ
2. ചീഫ് എഞ്ചിനീയർ (ജനറൽ)
3. അഡീഷണൽ സെക്രട്ടറി, റവന്യൂ (ദേവസ്വം) വകുപ്പ്/ആഭ്യന്തര വകുപ്പ് - ആമുഖ കത്ത് സഹിതം
4. സ്റ്റേറ്റ് പോലീസ് ചീഫ്, കേരളം - ആമുഖ കത്ത് സഹിതം
5. സൂപ്രണ്ട് ഓഫ് പോലീസ് (വിജിലൻസ് & സെക്യൂരിറ്റി)
6. ചീഫ് എഞ്ചിനീയർ
7. ഫിനാൻസ് & അക്കൗണ്ട്സ് ആഫീസർ
8. ദേവസ്വം അക്കൗണ്ട്സ് ആഫീസർ
9. ശ്രീ. മനു.പി.മേനോൻ, സബ്ഇൻസ്പെക്ടർ ഓഫ് പോലീസ്, വയനാട് (സൂപ്രണ്ട് ഓഫ് പോലീസ് (വിജിലൻസ് & സെക്യൂരിറ്റി) മുഖേന
10. സെക്ഷൻ ഫയൽ
11. ഫയൽ ബുക്ക്
12. ഫെയർ ആഫീസ് കോപ്പി.

✓ EDP സെക്ഷൻ

അംഗീകാരത്തോടെ/പുറപ്പെടുവിക്കുന്നത്

അസിസ്റ്റന്റ് സെക്രട്ടറി

SK